**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 104** **10-10-2024 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. എ. കെ. എം. അഷ്റഫ്,<br>ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വയനാട്ടിലുണ്ടായ ഉരുൾപൊട്ടൽ ദുരന്തത്തിനുശേഷം സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ എത്തിച്ചേരുന്ന വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (എ) | ചൂരൽ മലയിലെ ദുരന്തത്തിനു ശേഷം വയനാട്ടിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ എത്തിച്ചേരുന്ന വിദേശ സഞ്ചാരികളുടെ എണ്ണത്തിൽ കുറവുണ്ടായിരുന്നു. ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ അവിടുത്തെ വ്യവസായ മേഖലയെ കൂടി ഉൾപ്പെടുത്തി നടക്കുന്ന പ്രചരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഇപ്പോൾ സഞ്ചാരികളുടെ എണ്ണം ക്രമാനുഗതമായി വർദ്ധിച്ചുവരുന്നു. |
| (ബി) | വിനോദസഞ്ചാര മേഖലയിൽ ഉണ്ടായിരിക്കുന്ന പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നു വിശദമാക്കുമോ; | (ബി) | ചൂരൽമല, മുണ്ടക്കൈ ഉരുൾപൊട്ടലിന്റെ പശ്ചാത്തലത്തിൽ കേരളത്തിലെ വിനോദസഞ്ചാര മേഖലയെയും വയനാട്ടിലെ വിനോദസഞ്ചാര മേഖലയേയും സജീവമാക്കാൻ ടൂറിസം വകുപ്പ് പ്രത്യേക ക്യാമ്പയിൻ തന്നെ ആരംഭിച്ചു. പ്രധാനപ്പെട്ട ഡെസ്റ്റിനേഷനുകളുടെയും, അൺ എക്സ്പ്ലോർഡ് ഡെസ്റ്റിനേഷനുകളുടേയും പ്രചാരണത്തിനായി ജനകീയ പങ്കാളിത്തത്തോടെയുള്ള ക്യാമ്പയിനാണ് സംഘടിപ്പിച്ചിരിക്കുന്നത്. പ്രധാന വ്യക്തിത്വങ്ങൾ, സോഷ്യൽ മീഡിയ ഇൻഫ്ലുവെൻസേഴ്സ്, ടൂറിസം മേഖലയിലെ സംഘടനകൾ തുടങ്ങിയവരുടെ സഹായത്തോടെയാണ് ഈ ക്യാമ്പയിൻ. 'എന്റെ കേരളം എന്നും സുന്ദരം' എന്ന ക്യാമ്പയിന്റെ ഭാഗമായി നിരവധി പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. ക്യാമ്പയിന്റെ ഭാഗമായി 30-ലധികം വ്ളോഗേഴ്സ് വയനാട് സന്ദർശിക്കുകയും വയനാടിന്റെ വിവിധ ഭാഗങ്ങൾ സുരക്ഷിതമാണെന്ന് ലോകത്തിന് മുന്നിൽ കാണിക്കുന്നതിന് വിവിധ പ്രചരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. സഞ്ചാരികളെ ആകർഷിക്കുന്നതിന്റെ ഭാഗമായി ജില്ലാ ഭരണകൂടവും, ടൂറിസം വകുപ്പും ചേർന്ന് എൻ ഊര്, കാരാപ്പുഴ, സുൽത്താൻ ബത്തേരി ടൗൺ സ്ക്വയർ എന്നിവിടങ്ങളിൽ ഒക്ടോബർ 2 മുതൽ 13 |

| | | | |
|---|---|---|---|
| | | | വരെ വിവിധ പ്രചരണ പരിപാടികൾ നടത്തിവരുന്നു. കൂടാതെ വിവിധ ദൃശ്യ-ശ്രവ്യ-അച്ചടി മാധ്യമങ്ങളിലൂടെ ദേശീയതലത്തിലുൾപ്പെടെ വിവിധ പ്രചാരണ പരിപാടികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നുണ്ട്. |
| (സി) | വിനോദസഞ്ചാര വികസനത്തിനായി ഏതെല്ലാം പുതിയ മേഖലകൾക്ക് ഊന്നൽ നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | കേരളത്തിലെ ടൂറിസം മേഖലയുടെ സമഗ്രമായ മുന്നേറ്റം ലക്ഷ്യമിട്ട് രൂപകൽപ്പനാ നയം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളിലും പൊതു ഇടങ്ങളിലും നിർമ്മാണം മികച്ച രൂപകൽപ്പനയോടെ നടത്തുകയാണ് നയത്തിലൂടെ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി വ്യത്യസ്ത പദ്ധതികൾ ആരംഭിച്ച് കഴിഞ്ഞു. രൂപകൽപ്പനാ നയത്തിൽ അധിഷ്ഠിതമായ പദ്ധതികൾ കൂടുതൽ നടപ്പാക്കുകയാണ് ടൂറിസം വകുപ്പ് ലക്ഷ്യമിടുന്നത് . കേരളത്തിലെ നിലവിലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനവും പുതിയ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനവും വകുപ്പ് പ്രധാന ലക്ഷ്യമായി കാണുന്നു.<br><br>കാരവൻ ടൂറിസം, ഹെലിടൂറിസം, ക്രൂയിസ് ടൂറിസം തുടങ്ങിയ ടൂറിസം ഉൽപ്പന്നങ്ങൾ കൂടുതൽ സജീവമാക്കുവാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. അഡ്വഞ്ചർ ടൂറിസത്തിന്റെ സാധ്യത വിലയിരുത്തി കൂടുതൽ സാഹസിക, ജലസാഹസിക വിനോദസഞ്ചാര കേന്ദ്രങ്ങൾ വികസിപ്പിക്കുകയാണ്. ബീച്ചുകളെ ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. സിനിമ ടൂറിസം, ഫുഡ് ടൂറിസം തുടങ്ങിയ പദ്ധതികൾക്കൊപ്പം പ്രാദേശിക ടൂറിസം കേന്ദ്രങ്ങളെ വികസിപ്പിക്കാനുള്ള ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയും നടപ്പിലാക്കുന്നു. ഡെസ്റ്റിനേഷൻ വെഡിംഗിന്റെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുവാൻ ഇതിനായി പ്രത്യേക കേന്ദ്രങ്ങൾ വികസിപ്പിക്കുകയും പ്രചരണ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുന്നു. അനുഭവവേദ്യ ടൂറിസത്തിന്റെ സാധ്യതകൾ വികസിപ്പിക്കുന്നതിന് സ്ട്രീറ്റ്, അഗ്രി ടൂറിസം നെറ്റ് വർക്ക് പോലുള്ള പദ്ധതികൾ ഉത്തരവാദിത്ത ടൂറിസം സൊസൈറ്റി വികസിപ്പിക്കുന്നുണ്ട്. സ്ത്രീസൗഹാർദ്ദ വിനോദസഞ്ചാര പരിപാടിയും ഈ മേഖലയിലെ പ്രധാന ചുവടുവെയ്പ്പാണ്. ബേപ്പൂർ വാട്ടർ ഫെസ്റ്റ് പോലുള്ള പുതമയാർന്ന പരിപാടികളും സംസ്ഥാനത്തേക്ക് സഞ്ചാരികളെ ആകർഷിക്കുന്നതിനായി നടപ്പിലാക്കുന്നുണ്ട്. നൂതന സാങ്കേതിക വിദ്യയും സോഷ്യൽ മീഡിയാ സാധ്യതകളും ഉപയോഗപ്പെടുത്തി കേരള ടൂറിസത്തിന്റെ പ്രചരണവും നവീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സ്ത്രീസുരക്ഷ ഉറപ്പാക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ഡി) | വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നത് ലക്ഷ്യമാക്കി കേരള ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സ്ത്രീ സൗഹൃദ വിനോദ സഞ്ചാര പദ്ധതി.<br><br>സ്ത്രീകളുമായി ബന്ധപ്പെട്ട ടൂറിസത്തിന്റെ വിവിധ വശങ്ങൾ ഉൾക്കൊള്ളുന്ന പദ്ധതിയാണ് 'സ്ത്രീ സൗഹാർദ്ദ ടൂറിസം' . ഇന്ത്യയിൽ ആദ്യമായി സ്ത്രീ സൗഹൃദ ടൂറിസം പദ്ധതി നടപ്പിലാക്കുന്നത് കേരളത്തിൽ ആണ്. യു.എൻ വുമൺ - ഇന്ത്യയുടെ സാങ്കേതിക സഹകരണത്തോടു കൂടി സ്ത്രീ സൗഹാർദ വിനോദ സഞ്ചാര പദ്ധതി കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ നടപ്പാക്കി വരുന്നു. ഡെസ്റ്റിനേഷൻ സേഫ്റ്റി സ്റ്റഡി, ജൻഡർ ഓഡിറ്റ്, വിവിധ പരിശീലന പരിപാടികൾ, POSH ട്രെയിനിംഗ് ഉൾപ്പെടെ ഉള്ള പ്രോഗ്രാമുകളിലാണ് യു.എൻ വുമൺ സാങ്കേതിക സഹകരണം ലഭ്യമാക്കുന്നത്. ടൂറിസം മേഖലയിലെ വനിതാ സംരംഭകരെ യോജിപ്പിച്ച് പ്രത്യേക ടൂറിസം നെറ്റ്‌വർക്കും വികസിപ്പിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ